(ബി) പശ്ചാത്തല വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇത്തരം പദ്ധതികൾ ഒരു ശീർഷകത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതിൻപ്രകാരം ടി ശീർഷകത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പുരോഗതിക്കനുസരിച്ച് ഫണ്ട് ലഭ്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നു.

(സി) 2013-14, 2014-15, 2015-16 എന്നീ വാർഷികപദ്ധതികളിൽ യഥാക്രമം 846.03 കോടി, 1225.00 കോടി, 2000.00 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും മൊത്തം ചെലവുകൾ എത്ര ശതമാനമെന്നും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പുതിയ രീതി വിജയകരമാണെന്ന് വിലയിരുത്തപ്പെടുന്നു. ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ

51 (4086) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷം കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം ; ഇവ നിയമസഭാ മണ്ഡലം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രോജക്ടിനും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പും തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2015-16 വർഷം നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമ ലിസ്റ്റ് തയ്യാറായിട്ടില്ല. പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

52 (4087) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാരധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നബാർഡ് സഹായ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മണ്ഡലത്തിൽ നിലവിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികളിൽ പൂർത്തിയായവ ഏതൊക്കെ ; നിർമ്മാണത്തിലിരിക്കുന്നവ ഏതൊക്കെ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നബാർഡ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നബാർഡ് ആർ.ഐ.ഡി.എഫ്. XVIII അംഗനവാടി കെട്ടിടം(നമ്പർ72) നിർമ്മാണം,മുളക്കുഴ ഗ്രാമപഞ്ചായത്ത്, അംഗീകൃത തുക 5.75 ലക്ഷം.
2. നബാർഡ് ആർ.ഐ.ഡി.എഫ്. XVIII അരീക്കര മുളനിൽക്കുന്നതിൽപ്പടി താഴം ഭാഗം റോഡ് നിർമ്മാണം, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, അംഗീകൃത തുക 30 ലക്ഷം.

(ബി) നബാർഡ് XXI ലേയ്യാണ് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ഉൾപ്പെടുത്തേണ്ട പ്രവൃത്തികളെക്കുറിച്ച് തീരുമാനമായിട്ടില്ല.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച രണ്ട് പ്രവൃത്തികളും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അംഗനവാടി കെട്ടിടനിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അരീക്കര മുളനിൽക്കുന്നതിൽപ്പടി താഴം ഭാഗം റോഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് റിവിഷൻ പരിശോധിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

53 (4088) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly